ഉത്തരം

(എ) ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിന് സ്ഥലം, കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ തയ്യാറാണോ എന്ന് പഞ്ചായത്തിനോട് ആരാഞ്ഞിരിക്കുകയാണ്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ തയ്യാറുള്ള പഞ്ചായത്തുകളെ മുൻഗണനാക്രമത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തി, സർക്കാരിന്റെ സാമ്പത്തിക നിലയും, ബജറ്റിൽ അനുവദിക്കുന്ന തുകയും കണക്കിലെടുത്താണ് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്.

ആയുർവേദത്തെ ഇന്ത്യയുടെ ദേശീയ ചികിത്സാ സമ്പ്രദായമായി അംഗീകരിക്കണമെന്ന ആവശ്യം

139 [2575] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *വി. ജെ. പൗലോസ്:*
,, *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദം എന്ന പേരിൽ മരുന്നുകൾക്ക് പേറ്റന്റ് അവകാശം നേടുന്നതിനായി ജർമ്മനി മുന്നോട്ട് വന്നിട്ടുണ്ടോ;

(ബി) ആയുർവേദത്തെ ഇന്ത്യയുടെ ദേശീയ ചികിത്സാ സമ്പ്രദായമായി അംഗീകരിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(സി) ആയുർവേദത്തെ ദേശീയ ചികിത്സാ സമ്പ്രദായമായി അംഗീകരിക്കുന്ന പക്ഷം ആയുർവേദത്തിന്റെമേൽ വിദേശ രാജ്യങ്ങൾ പേറ്റന്റ് നേടുന്നതിനുവേണ്ടി നടത്തുന്ന അവകാശവാദം ഒരു പരിധിവരെ തടയുവാൻ കഴിയുമോ;

(ഡി) എങ്കിൽ ആയുർവേദത്തെ ദേശീയ ചികിത്സാ സമ്പ്രദായമായി അംഗീകരിക്കാൻ കേന്ദ്രത്തിൽ സ്വാധീനം ചെലുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടില്ല. ആയുർവേദം എന്ന പദം പബ്ലിക് ഡൊമൈനിലും ഭൂമിശാസ്ത്രപരമായ സൂചകങ്ങൾക്കകത്തും വരുമെന്നതിൽ ആ പദമുപയോഗിച്ചുകൊണ്ട് മരുന്നുകൾക്ക് പേറ്റന്റ് അവകാശം നേടാൻ കഴിയുകയില്ല.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആയുർവേദം പബ്ലിക് ഡൊമൈനിൽ വരുന്നതുകൊണ്ട് ആയുർവേദത്തിൽ പറയപ്പെട്ടിട്ടുള്ള ഔഷധ ഫോർമുലകൾ വിദേശ രാജ്യങ്ങൾക്ക് പേറ്റന്റെടുക്കാൻ കഴിയുകയില്ല. എന്നാൽ ആയുർവേദത്തിൽ പറയപ്പെട്ടിട്ടുള്ള ഔഷധക്കൂട്ടുകൾപരിഷ്ക്കരിച്ച രൂപത്തിൽ പുതുമയുള്ളതും ഇതുവരെ പറയപ്പെട്ടിട്ടില്ലാത്ത ഗുണങ്ങൾ ഉണ്ടെന്ന് കണ്ടെത്തുകയും വ്യാവസായിക പ്രാധാന്യമുള്ള ഉൽപന്നമാണെന്ന് തെളിയിക്കപ്പെടുകയും ചെയ്താൽ ആ ഉൽപന്നത്തിന് വിദേശ രാജ്യങ്ങൾക്ക് പേറ്റന്റ് നേടാവുന്നതാണ്. ആയതിനാൽ ആയുർവേദത്തിൽ കൂടുതൽ ഗവേണങ്ങൾ നടത്തി പരിഷ്കരിച്ച് നൂതന ഔഷധ ഉൽപന്നങ്ങൾ ഉണ്ടാക്കി എത്രയും പെട്ടെന്ന് കൂടുതൽ പേറ്റന്റുകൾ നേടാൻ ശ്രമം നടത്താവുന്നതാണ്.

(ഡി) ഇത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിൽ ആയുർവേദ ആശുപത്രികളിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവുകൾ

140 [2576] *ശ്രീ. സി. മോയിൻകുട്ടി:*

„ *സി. മമ്മൂട്ടി:*

„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആയുർവേദ ആശുപത്രികളിൽ എത്ര പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവുകളുണ്ട്;

(ബി) ഈ ഒഴിവുകൾ നികത്താൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അപേക്ഷകരുടെ ലിസ്റ്റ് ആയുർവേദ ജില്ലാ ഓഫീസർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ടോ; എങ്കിൽ എന്ന്;

(സി) ഈ ലിസ്റ്റ് അനുസരിച്ച് സെലക്ഷൻ നടത്താൻ തടസ്സമെന്താണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനത്തിന് പാലിക്കേണ്ട ഗൈഡ്ലൈൻ പാലിച്ച് മോഡേൺ മെഡിസിൻ വിഭാഗം ഓഫീസിൽ നൽകിയതു പോലെ ആയുർവേദ മെഡിസിൻ വിഭാഗത്തിലും നൽകി ഇവരുടെ നിയമനത്തിന് വരുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 26 (ഇരുപത്തിയാറ്)

LIBRARY ARCHIVES Kerala Legislative Assembly